₹ 5/-

# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 9
Issue 1

July 2020

pages 24

"എങ്കിലും ഈ അത്യന്തശക്തി ഞങ്ങളുടെ സ്വന്തം എന്നല്ല, ദൈവത്തിന്റെ ദാനമത്രേ എന്നു വരേണ്ടതിനു ഈ നിക്ഷേപം ഞങ്ങൾക്കു മൺപാത്രങ്ങളിൽ ആകുന്നു ഉള്ളത്. ഞങ്ങൾ സകലവിധത്തിലും കഷ്ടം സഹിക്കുന്നവർ എങ്കിലും ഇടുങ്ങിയിരിക്കുന്നില്ല; ബുദ്ധിമുട്ടുന്നവർ എങ്കിലും നിരാശപ്പെടുന്നില്ല" (2 കൊരിന്ത്യർ 4:7,8)

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# REAL LIFE VOICE

**Volume 9 Issue 1 July 2020 pages 24 Rs.5/-**

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക്
വരിസംഖ്യയോ
സംഭാവനയോ
Sebastian M.V.
എന്ന പേരിൽ ക്രോസ്സ്ഡ്
ചെക്ക് ആയി അയയ്ക്കാം.
**ദയവായി മണിഓർഡർ (MO) അയയ്ക്കരുത്.**

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394

**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**

**Book No. 103**


## ഉള്ളടക്കം


പേജ്

- കൊറോണക്കാലം 3
- പ്രതികരണങ്ങൾ 7
- മഹാഭാഗ്യം (23) 9
- പുതിയനിയമത്തിലൂടെ യാത്ര (8) 12
- പരിശുദ്ധാത്മാവ് (26) 15
- യോവേൽ (15) 18
- ഇമ്മാനുവിന്റെ സംശയങ്ങൾ (31) 21
- അകന്നുപോകുന്ന വായനാശീലം 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# കൊറോണക്കാലം!

കോവിഡ്-19 എന്ന പേരിൽ കൊറോണാവൈറസ് ലോകമെങ്ങും സംഹാരതാണ്ഡവമാടി. വെള്ളക്കാരനാണോ കറുത്തവനാണോ, പണക്കാരനാണോ ദരിദ്രനാണോ, പഠിപ്പുള്ളവനാണോ ഇല്ലാത്തവനാണോ, വികസിതരാജ്യമാണോ വികസ്വരരാജ്യമാണോ... ഒന്നും കൊറോണാ വൈറസ് നോക്കിയില്ല. ഒരറ്റം മുതൽ അങ്ങ് ആക്രമിച്ചു. അഞ്ചു ലക്ഷത്തോളം ആളുകൾ ഇതിനോടകം മരിച്ചുവീണു. ചൈനയിലും അമേരിക്കയിലും റോമിലും എന്നു തുടങ്ങി ലോകത്തിന്റെ മുക്കിലും മൂലയിലും ആളുകൾ ഭയചകിതരായിത്തീർന്നു. ഇതു കൊറോണക്കാലം! ഈ കൊറോണക്കാലം ചിലർക്ക് മറ്റു ചില കാലമായിരുന്നു. അവ ഏതൊക്കെ എന്നു നമുക്കു നോക്കാം.

### (1) തള്ള്കാലം

പാലിക്കാൻ പറ്റാത്ത കാര്യങ്ങൾ വലിയ വായിൽ പറയുന്നതിനും, ചെയ്തിട്ടില്ലാത്ത കാര്യങ്ങൾ ചെയ്തതായി പറയുന്നതിനും, അല്പം എന്തെങ്കിലും ചെയ്തിട്ട് അതു പെരുപ്പിച്ചുപറയുന്നതിനും പൊതുവെ 'തള്ള്' എന്നാണ് ഇപ്പോൾ പറഞ്ഞുവരുന്നത്. കൊറോണക്കാലം പല നേതാക്കൾക്കും തള്ള്കാലമായിരുന്നു എന്നു പറയാതെ വയ്യ. ഗവൺമെന്റുകളുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള ചില നല്ല തീരുമാനങ്ങൾ തീർച്ചയായും അഭിനന്ദനാർഹം തന്നെ. എന്നിരുന്നാലും പൊതുജനങ്ങൾക്ക് എന്തെങ്കിലും നന്മകൾ ചെയ്തിട്ട്, അവ സ്വന്തം തറവാട്ടിലെ പണമെടുത്താണ് ചെയ്തത് എന്ന തോന്നൽ ആളുകളിൽ ഉണ്ടാകത്തക്കവിധം നേതാക്കന്മാർ പെരുമാറിയാൽ അതു മോശമാണ്.

## (2) തിളങ്ങൽകാലം

വീഡിയോയിലും ടിവിയിലും എല്ലാം പ്രത്യക്ഷപ്പെട്ട് കൊറോണാ വർത്തമാനവുമായി പലരും തിളങ്ങിശോഭിച്ചു. ആത്മാർത്ഥതയുടെ ഭാഗമായി ചെയ്ത കാര്യങ്ങളെയല്ല ഇവിടെ ഉദ്ദേശിക്കുന്നത്. വെറുതെ ഷൈൻ ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ മാത്രം ചിലർ കാട്ടിക്കൂട്ടിയ കാര്യങ്ങളെയാണ് ഇവിടെ വിവക്ഷിക്കുന്നത്. മറ്റു ചിലർ പൊതുജനത്തിനു സഹായം ചെയ്യുകയും അതിന്റെ ഫോട്ടോ എടുത്ത് പരസ്യമാക്കുകയും ചെയ്തു. നാടോടിയായ ഒരു വൃദ്ധയ്ക്ക് ആറു പേർ ചേർന്ന് കൈനീട്ടി ഒരു പഴം കൊടുക്കുന്നതിന്റെ ഫോട്ടോയും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു! അല്പന്മാർ!

## (3) കള്ളന്മാരുടെ കാലം

കൊറോണയുടെ ഭാവി, ഭൂതം, വർത്തമാനം എന്നിവയെപ്പറ്റി പ്രവചിച്ച് ചില കള്ളപ്രവാചകന്മാരും സ്വാമിമാരും നാണം കെട്ടു. ദൈവം എന്നോടു സംസാരിച്ചു എന്നും പറഞ്ഞ് ചില പ്രവാചകന്മാർ കൊറോണയെപ്പറ്റി വായിൽ തോന്നിയത് വച്ചുകാച്ചി വിശ്വാസിസമൂഹത്തെ നാണം കെടുത്തി. സന്യാസിമാരും സ്വാമിമാരും ഒട്ടും മോശമാക്കിയില്ല. മെയ് 21 ന് കൊറോണ അവസാനിക്കും എന്നു പ്രവചനം നടത്തിയ ഒരു സ്വാമി ജൂൺമാസത്തിൽ കൊറോണ ബാധിച്ച് മരിച്ചു! വേറൊരു സ്വാമി കാഞ്ഞിരമരത്തിൽ കൊറോണയെ ആവാഹിച്ച് കത്തിച്ചുകളഞ്ഞുവത്രേ! സ്വദേശത്തും വിദേശത്തുമായി ലക്ഷക്കണക്കിനു ആരാധകരുള്ള ഒരു 'അമ്മ', കൊറോണ വരുന്നത് രണ്ടു വർഷം മുമ്പേ തനിക്കറിയാമായിരുന്നുവെന്ന് വിളമ്പിയപ്പോൾ പലർക്കും ചിരിച്ചുചിരിച്ചു വയറുവേദന വന്നത്രേ.

## (4) 'പണ്ഡിതന്മാരുടെ' കാലം

എന്റമ്മോ! ദൈവമക്കളുടെ വാട്സാപ്ഗ്രൂപ്പുകളിൽ എന്തൊരു മാലിന്യമേറായിരുന്നു! തന്റേതായ ആശയങ്ങൾ വീറോടെ അവതരിപ്പിക്കുന്നവർ, അതിനെ പല്ലും നഖവും ഉപയോഗിച്ച് എതിർക്കുന്നവർ, സഹോദരനാണ് മറുപുറത്തുള്ളത് എന്നു മറന്ന് ചന്തഭാഷ ഉപയോഗിച്ചവർ, പണ്ട് നടന്ന നാറ്റക്കേസുകൾ കുത്തിപ്പൊക്കി മണപ്പിച്ചവർ.... അയ്യയ്യേ! ദൈവജനമേ, മഹാകഷ്ടം തന്നെ! കൊറോണ ഇക്കൂട്ടരെ അല്പം പോലും ഭയപ്പെടുത്തിയില്ലെന്നു തോന്നുന്നു. രോഗഭീതി നിമിത്തവും വരുമാനമില്ലായ്മ നിമിത്തവും ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വം നിമിത്തവും ആളുകൾ നെടുവീർപ്പിട്ട് നിറകണ്ണുകളുമായി സ്വർഗ്ഗത്തേക്ക്

നോക്കിക്കൊണ്ടിരിക്കുമ്പോഴാണ് അല്ലലും അലച്ചിലും ഇല്ലാത്ത ചിലർ തങ്ങളുടെ പാണ്ഡിത്യം പ്രദർശിപ്പിക്കുന്ന ചർച്ചകളുമായി കളം നിറഞ്ഞാടിയത്.

ദൈവവചനം പറയുന്നത് ശ്രദ്ധിക്കൂ: ''ആകയാൽ പുരുഷന്മാർ എല്ലാടത്തും കോപവും വാഗ്വാദവും വിട്ടകന്നു വിശുദ്ധ കൈകളെ ഉയർത്തി പ്രാർത്ഥിക്കേണം'' (1 തിമൊ. 2:8). ഈ വാക്യത്തിനു ഏറെ പ്രസക്തിയുള്ള കാലഘട്ടത്തിലാണ് ബൈബിൾപണ്ഡിതശിരോമണികളുടെ ഈ അഴിഞ്ഞാട്ടം നടന്നത്. സഹോദരന്മാരേ, സംഭവിച്ച കാര്യങ്ങളിൽ ലജ്ജിക്കൂ; തിരുത്തൂ.

### (5) മരണക്കാലം

കേരളസർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ സമയോചിതമായ ചില നടപടികൾ കേരളജനതയ്ക്ക് വളരെ ആശ്വാസമായിരുന്നു. എങ്കിലും ലോട്ടറി വിറ്റു ജീവിക്കുന്ന അംഗപരിമിതരും, ട്യൂഷനെടുത്ത് ജീവിക്കുന്നവരും, ബസ്ജീവനക്കാരും, വിവിധനിലകളിലുള്ള കലാകാരന്മാരും വരുമാനം അല്പം പോലുമില്ലാതെ വലഞ്ഞു. പട്ടിണിമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടില്ലെന്നത് അഭിമാനാർഹം തന്നെ. എങ്കിലും മദ്യം ലഭിക്കാത്തതിന്റെ പേരിലും, കോവിഡ് ബാധിച്ചു എന്നു ഭയന്നും ചിലർ ആത്മഹത്യ ചെയ്തു. കിലോമീറ്ററുകൾ നടന്ന് ക്ഷീണിച്ച് റെയിൽപാളത്തിൽ കിടന്നുറങ്ങിയവർ ഗുഡ്സ്ട്രെയിൻ കയറി ചതഞ്ഞരഞ്ഞു.

### (6) ഒതുങ്ങൽകാലം

കല്യാണങ്ങളും മറ്റു ആഘോഷപരിപാടികളും പണക്കൊഴുപ്പ് കാണിക്കാനുള്ള അവസരങ്ങളായി ചിന്തിക്കുന്നവർക്ക് ഒതുങ്ങേണ്ടി വന്നു. എല്ലാം ലളിതമായി നടത്തേണ്ടി വന്നു. രണ്ടര മണിക്കൂറെങ്കിലും ദൈർഘ്യമുള്ള നിലയിൽ വിവാഹശുശ്രൂഷ നടത്തിയാലേ അത് അനുഗ്രഹിക്കപ്പെട്ടതാകൂ എന്നു ചിന്തിക്കുന്ന ചില സ്റ്റേജ്പ്രേമികളും സ്വയംപൊങ്ങികളുമായ ദൈവദാസന്മാർക്ക് ചുരുങ്ങിയ മിനിറ്റുകൾകൊണ്ട് വിവാഹശുശ്രൂഷ നടത്തി തൃപ്തിപ്പെടേണ്ടി വന്നു.

### (7) ഒളിച്ചോട്ടകാലം

രോഗശാന്തി, ഭൂതശാന്തി എന്നിവയെല്ലാം നടത്തി സ്വന്തം പോക്കറ്റും വയറും വീർപ്പിച്ചിരുന്ന 'ദൈവദാസന്മാരുടെ' പൊടി പോലും കാണാനില്ലായിരുന്നു. ഇക്കാലയളവിൽ വലതുചെവിയുടെ വേദനയും, ഗ്യാസ്ട്രബിളും, വൻകുടലിലെ മുഴയും, ഉറക്കത്തിൽ മൂത്രമൊഴിക്കുന്ന

ശീലവും ഒക്കെയുള്ള ആളുകൾ വലഞ്ഞു. കാരണം ഈ വക കാര്യങ്ങളിൽനിന്നെല്ലാം പലർക്കും ശാന്തി ലഭിച്ചിരുന്നത് പള്ളിക്കാരും പെന്തെക്കോസ്തുകാരും നടത്തിയിരുന്ന രോഗശാന്തിയോഗങ്ങളിലൂടെയായിരുന്നു. മുഴ മാറ്റുന്നവർ, പ്രസവിക്കാത്ത സ്ത്രീകളെ പ്രാർത്ഥിച്ച് ഗർഭം ധരിപ്പിക്കുന്നവർ, ഭൂതങ്ങളെ മാറ്റുന്നവർ എന്നിങ്ങനെയുള്ള ആരെയും കാണാനില്ലായിരുന്നു.

ഓരോ ദിവസവും ഓടിച്ചുവിട്ടിരുന്ന ഭൂതങ്ങൾ എവിടെപ്പോയി? ഭൂതശാന്തിക്കാർ കൊറോണയെ ഭയന്ന് മാളങ്ങളിൽ ഒളിച്ചപ്പോൾ ഭൂതം ബാധിച്ച ആളുകൾ തന്നെ ഇല്ലാതായി! രോഗശാന്തിക്കാർ വാതിലടച്ച് ഇരുന്നപ്പോൾ അത്ഭുതസൗഖ്യം അനുഭവിക്കുന്നവർ തന്നെ ഇല്ലാതായി! ധ്യാനകേന്ദ്രങ്ങളിൽ പോയി സൗഖ്യം പ്രാപിക്കുന്നവർ എവിടെ? എല്ലാം ഒരു വക തട്ടിപ്പായിരുന്നു എന്നു ഇനിയെങ്കിലും ആളുകൾ തിരിച്ചറിയുമോ? അതോ, കൊറോണക്കാലം കഴിഞ്ഞാൽ, ''പ്രെയ്സലോഡ്'', ''ദൈവം എന്നോടു സംസാരിച്ചു'' എന്നൊക്കെയുള്ള അമിട്ടുകൾ പൊട്ടിച്ച് വിലസുന്ന, ആത്മീകതയുടെ മുഖംമൂടി ധരിച്ച തട്ടിപ്പുവീരന്മാർ വീണ്ടും വിലസുമോ?

**(8) ഉത്സവകാലം**

അതെ, സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് ഇത് ഉത്സവകാലമായിരുന്നു. പഠിക്കേണ്ട. സ്കൂളിലോ കോളേജിലോ പോകേണ്ടതില്ല. പ്രാർത്ഥനായോഗങ്ങൾക്ക് പോകേണ്ട. സഭായോഗങ്ങളിലെ വചനശുശ്രൂഷ കേൾക്കേണ്ട. വാക്യം മനഃപാഠം പഠിക്കേണ്ട. പരമസുഖം. അവസാനം ഓൺലൈൻ ക്ലാസ്സുകളും! സ്മാർട്ട്ഫോൺ സ്വന്തമാക്കാൻ ലഭിച്ച സുവർണ്ണാവസരം! ഇന്റർനെറ്റ് കണക്ഷൻ ഉള്ള ഫോണും കമ്പ്യൂട്ടറും അനാവശ്യമായി ഉപയോഗിക്കാതവണ്ണം മക്കളെ തടഞ്ഞിരുന്ന മാതാപിതാക്കൾ ഇളിഭ്യരായി.

ഇതെല്ലാമാണ് കൊറോണക്കാലം നമ്മെ ഓർമ്മിപ്പിക്കുന്നത്. മാനസാന്തരപ്പെടാൻ മനുഷ്യന്റെ മുമ്പാകെ നല്ലൊരു അവസരം കൊറോണാവൈറസിലൂടെ ദൈവം ഒരുക്കിയെങ്കിലും അധികമാരും മാനസാന്തരപ്പെട്ടില്ല. 'പന്നിക്ക് എന്ത് കൊറോണ' എന്ന മട്ടിലായിരുന്നു പലരുടെയും ജീവിതം. പ്രളയത്തിലൂടെയും നിപയിലൂടെയും കൊറോണയിലൂടെയും ചുഴലിക്കാറ്റുകളിലൂടെയും ഉരുൾപൊട്ടലുകളിലൂടെയും നമ്മോട് ഇടപെട്ടുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ മുന്നറിയിപ്പുകൾ നാം ചെവിക്കൊണ്ടെങ്കിൽ എത്ര നന്നായിരുന്നു! **എം. വി. സെബാസ്റ്റ്യൻ**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം ഫോൺ: 95 44 557 557**

## Pr. Jose M.J, Kumplampoika, Pathanamthitta

വീട്പണിയെക്കുറിച്ച് മെയ്മാസത്തിലെ എഡിറ്റോറിയലിൽ എഴുതിയ കാര്യങ്ങൾ നന്നായിരുന്നു. ലക്ഷങ്ങൾ മുടക്കി ബാഹ്യഅലങ്കാരങ്ങൾ ഉണ്ടാക്കുന്നതിനേക്കാൾ നല്ലത് സുരക്ഷയും സൗകര്യവും ഉള്ള വീട് പണിയുന്നതാണ്. എഴുതിയ കാര്യങ്ങളെല്ലാം സ്വന്തം അനുഭവത്തിന്റെ അടിസ്ഥാനത്തിൽ എഴുതിയതാണോ? **(എഡിറ്റർ: അതെ)**

## Pr. John Baby, Chungathara, Malappuram

എല്ലാ എഡിറ്റോറിയലും നല്ലതാണ്. എങ്കിലും ഏപ്രിൽ മാസത്തിലെ എഡിറ്റോറിയൽ സൂപ്പറായി. നാം തമ്മിൽ കണ്ടിട്ടില്ലെങ്കിലും നമ്മുടെ ആശയങ്ങൾക്ക് പലതിനു വളരെ സാമ്യമുണ്ട്. എന്റെ ഭാര്യ താങ്കൾ പറഞ്ഞ അതേ ഡയലോഗ് പറഞ്ഞിട്ട് ജോലിക്ക് പോയി. നഴ്സ് ആണ്. ഞാൻ ആ എഡിറ്റോറിയലിന്റെ ഫോട്ടോ കോപ്പി എടുത്ത് ഭാര്യക്ക് അയച്ചുകൊടുത്തിട്ടുണ്ട്. കോഴി കൂകി തെളിയുന്നതുപോലെ താങ്കൾ എഴുതി എഴുതി വളരെ നന്നാകുന്നു. പരമാവധി ഇതെല്ലാം പുസ്തകങ്ങളാക്കണം. എന്റെ സമ്പാദ്യമെല്ലാം ഉപയോഗിച്ച് ഞാൻ ചില പുസ്തകങ്ങൾ ഇറക്കിയിട്ടുണ്ട്. പുസ്തകങ്ങളാണെങ്കിൽ അത് സൂക്ഷിച്ചുവയ്ക്കാം. വരും തലമുറക്ക് അത് വളരെ പ്രയോജനപ്പെടുകയും ചെയ്യും. ദൈവം അതിനു മുഖാന്തരങ്ങൾ ഒരുക്കട്ടെ.

## Johnson M.Y, Manalithara, Thrissur

വളരെ അനുഗ്രഹിക്കപ്പെട്ട മാഗസിനാണ് *റിയൽ ലൈഫ് വോയ്സ്*. കിട്ടിയാൽ ഒറ്റ ഇരുപ്പിൽ ഇരുന്ന് ഞാൻ അത് മുഴുവൻ വായിക്കും. എഴുതാനായി ദൈവം കൃപ തന്നിട്ടുണ്ടല്ലോ. തുടർന്നും ദൈവം അനുഗ്രഹിക്കട്ടെ.

## Joy Nirappel, Varayal, Wayanad

മാസികയിലെ ഓരോ വിഭവവും ഒന്നിനൊന്നു മെച്ചം. 100-ാം എഡിഷനിലെ 'ബെഥേലിലെ പ്രവാചകൻ' എന്ന ലേഖനം, ആരെങ്കിലും വിളമ്പുന്നത് തിരുവെഴുത്തിൽ പറഞ്ഞിട്ടുണ്ടോ എന്നു നോക്കാതെ വിഴുങ്ങുന്നത് നാശത്തിനു കാരണമാകും എന്നു വ്യക്തമാക്കുന്നതായിരുന്നു. ഇനിയും ഈടുറ്റ ലേഖനങ്ങൾ എഴുതുവാൻ ദൈവം അനുഗ്രഹിക്കട്ടെ.

### Dr. George T Oommen, Mannuthy, Thrissur

ജൂൺമാസത്തിലെ എഡിറ്റോറിയൽ ഉചിതമായിരുന്നു. എല്ലാതും ഒറ്റ ഇരുപ്പിൽ ഇരുന്നു വായിച്ചു. ചെറുതാണെങ്കിലും നല്ല സന്ദേശങ്ങളാണ്. അനുഗ്രഹിക്കപ്പെട്ട ഈ ശുശ്രൂഷയ്ക്കായി പ്രാർത്ഥിക്കുന്നു.

### Sajimon K. T, Koovappally, Kottayam

പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പഠനം വളരെ പ്രയോജനകരമായി തോന്നി. വചനത്തിന്റെ വെളിച്ചത്തിലുള്ള ശരിയായ പഠനമാണത്.

### Kuriakose K.M, Mylellampara, Kozhikod

മെയ്മാസത്തിലെ രണ്ടാംഭാര്യ എന്ന ചെറുകഥ മനോഹരമായിരുന്നു. ഇന്നു മിക്ക ഭവനങ്ങളിലെയും സ്ഥിതി അതു തന്നെയാണ്.

# നിരീശ്വരവാദിയുടെ ചിന്ത

### പി. വി. സന്തോഷ്, വയനാട്

ഒരിക്കൽ ഒരു നിരീശ്വരവാദി പറഞ്ഞു: യേശു പറയുന്നതുപോലെ ഞാനും പറയുന്ന പക്ഷം ഞാൻ ചരിത്രത്തിന്റെ ഏടുകളിലൊരു മശിഹാ എന്ന പേരിലറിയപ്പെടുകയും എല്ലാവരും എന്നെ സ്തുതിക്കുകയും ചെയ്യും.

ഇതു കേട്ട  ഒരു വിശ്വാസി പറഞ്ഞു: ജനനം പിതാവിനെക്കൂടാതെയാണെന്നു നിന്റെ മാതാവ് പറയുമെങ്കിൽ, പാപരഹിതമായ ഒരു ജീവിതം നയിക്കുന്നുവെങ്കിൽ, മരിച്ചവരെ നീ ഉയിർപ്പിച്ചാൽ, രോഗികളെ തൊട്ടു സുഖപ്പെടുത്തിയാൽ, വിശക്കുന്നവർക്ക് അപ്പം കൊടുത്താൽ, പച്ചവെള്ളം വീഞ്ഞാക്കിയാൽ, ക്രൂശിക്കപ്പെടുവാൻ നീ നിന്നെത്തന്നെ ഏല്പിച്ചുകൊടുക്കുമെങ്കിൽ, മൂന്നാം ദിവസം നീ ഉയിർത്ത് നിന്നെ മറ്റനേകർക്കു വെളിപ്പെടുത്തിക്കൊടുക്കുമെങ്കിൽ തീർച്ചയായും ചരിത്രത്തിൽ മശിഹാ എന്ന പേരിൽ നീ അംഗീകരിക്കപ്പെടും.

ലോകം കണ്ടിട്ടുള്ള ഏറ്റവും വലിയ അതിശയം യേശുവിന്റെ അവതാരമാണ്. അപ്രമേയനായ ദൈവം മാനുഷിക നിലയിൽ ചെറിയവനായിത്തീർന്ന് പാപത്തിൽ വീണുപോയ മനുഷ്യവർഗ്ഗത്തെ വീണ്ടെടുത്ത് ദൈവത്തോടു അടുപ്പിച്ചു. ഈ യേശുവിനെ രക്ഷകനായി ഹൃദയത്തിൽ സ്വീകരിച്ച് യേശുവിന്നായി ജീവിച്ചാൽ എത്ര ഭാഗ്യം!

# മഹാഭാഗ്യം!

23

റ്റി. ജോൺമാത്യു, മണ്ണുത്തി

**ആത്മാവിനെ അനുസരിക്കുക**

“ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല” എന്നു റോമർ 8:9 ൽ വായിക്കുന്നു. യേശുവിൽ വിശ്വാസമർപ്പിക്കാനുള്ള പ്രേരണ നൽകുന്നത് ക്രിസ്തുവിന്റെ ആത്മാവ് (പരിശുദ്ധാത്മാവ്) ആണ്; വിശ്വാസമർപ്പിക്കുന്ന ആളിന്റെ ഹൃദയത്തിൽ ഈ ആത്മാവ് തുടർന്നു വസിക്കുകയും ചെയ്യുന്നു. ഇതുമൂലം രക്ഷിക്കപ്പെട്ട ഒരു ദൈവപൈതലിന്റെ ശരീരം ദൈവാത്മാവിന്റെ മന്ദിരം (വാസസ്ഥലം) ആണെന്നും വചനത്തിൽ (1 കൊരിന്ത്യർ 3:16; 6:19) പറഞ്ഞിരിക്കുന്നു.

നാം ഓർക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യം, ദൈവാത്മാവിനു പൂർണ്ണമായ അധികാരം നമ്മുടെ ശരീരത്തിന്മേൽ ഉണ്ടെന്ന യാഥാർത്ഥ്യം അനുഭവത്തിൽ വരണമെങ്കിൽ ആ അധികാരം പൂർണ്ണമനസ്സോടെ അംഗീകരിച്ചുകൊടുത്തിരിക്കുന്ന അവസ്ഥ നമ്മുടെ വാക്കിലും പെരുമാറ്റത്തിലും പ്രവൃത്തിയിലും കാണപ്പെടുന്നു എന്നത് നാം ഉറപ്പുവരുത്തണമെന്നുള്ളതാണ്. ദൈവാത്മാവിനെ അനുസരിച്ചുകൊണ്ട് ചിന്തിക്കാനും ധിക്കരിച്ചുകൊണ്ട് ചിന്തിക്കാനും, അനുസരിച്ചുകൊണ്ട് സംസാരിക്കാനും ധിക്കരിച്ചുകൊണ്ട് സംസാരിക്കാനും, അനുസരിച്ചുകൊണ്ട് പ്രവർത്തിക്കാനും ധിക്കരിച്ചുകൊണ്ട് പ്രവർത്തിക്കാനും ഒരു ദൈവപൈതലിനു സാധ്യമാണ്.

ദൈവാത്മാവിനു നമ്മുടെ മേലുള്ള അധികാരം നാം അനുവദിച്ചുകൊടുക്കുന്നെങ്കിൽ മാത്രമേ - അഥവാ ആത്മപ്രേരണയ്ക്ക് നാം കീഴ്പെടുന്നു എങ്കിൽ മാത്രമേ - ദൈവാത്മാവിനു നമ്മെ നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ. പഴയനിയമകാലത്തെ പ്രവാചകനായിരുന്ന യോനാ ദൈവാത്മാവിനെ അനുസരിച്ചുകൊണ്ട് നിനെവേയിലേക്ക് പോകേണ്ടതിനു പകരം ആത്മാവിനെ ധിക്കരിച്ചുകൊണ്ട് തർശീശിലേക്ക് പോയതുപോലെ ഇക്കാലത്തെ വിശ്വാസികളിലും ദൈവാത്മാവിനെ ധിക്കരിച്ചുകൊണ്ട് തങ്ങളുടെ ജഡികമായ ഇഷ്ടങ്ങൾക്കൊത്ത വിധം തോന്നുന്നതുപോലെ അനുസരണക്കേടുകൾ കാണിക്കുന്നവർ ധാരാളമുണ്ട്. അവർ അവയെപ്പറ്റി പിന്നീട് വളരെ ദുഃഖിക്കാനിടയാകും

എന്നു നാം ഓർക്കേണ്ടതാണ്. അനുതാപത്തോടെ യോനാ നിലവിളിച്ച് പ്രാർത്ഥിക്കാനിടയായത് ഈ സത്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ദൈവാത്മാവിനു പൂർണ്ണമായി കീഴ്പെട്ട് പെരുമാറുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിന്റെ ഉത്തമോദാഹരണമാണ് ഫിലിപ്പോസ് എന്ന സുവിശേഷകനിൽ നാം കാണുന്നത്. നാലു പെൺമക്കളുടെ ഭാവികാര്യങ്ങളെക്കുറിച്ചുള്ള ചിന്താഭാരങ്ങൾ നിമിത്തം (അപ്പൊ.പ്രവൃ.21:8-9), "എനിക്ക് എന്റെ കുടുംബകാര്യങ്ങൾക്കല്ലാതെ മറ്റൊന്നിനും നേരമില്ല" എന്നു പറഞ്ഞ്, ഭൗതികകാര്യങ്ങൾ മാത്രം ശ്രദ്ധിക്കാൻ തന്റെ മുമ്പാകെ വളരെ ന്യായമുണ്ടായിരുന്നെങ്കിലും ദൈവാത്മാവിനു പൂർണ്ണമായി കീഴ്പെട്ട് സുവിശേഷവേലയിൽ ഉറ്റിരിക്കുന്ന അനുഭവം ആണ് അദ്ദേഹത്തിലും അദ്ദേഹത്തിന്റെ മക്കളിലും നാം കാണുന്നത്.

പ്രത്യക്ഷത്തിൽ ബുദ്ധിപൂർവ്വമല്ലെന്നു തോന്നുന്ന നിർദ്ദേശങ്ങളാണ് ദൈവാത്മാവ് തനിക്കു നൽകിയതെന്നു അപ്പൊ.പ്രവൃ. 8-ാം അദ്ധ്യായത്തിൽ നാം കാണുന്നു. എന്നാൽ ആത്മാവിനെ പൂർണ്ണമായി അനുസരിച്ചതിനാൽ എത്യോപ്യക്കാരനായ ഷണ്ഡനെ മാത്രമല്ല, അയാളുടെ രാജ്യത്തിലെ മറ്റനേകം മനുഷ്യരെയും അവരുടെ പിൻതലമുറക്കാരെയുമാണ് ഈ ദൈവദാസൻ രക്ഷയിലേക്കു നടത്തിയത് എന്നു നാം മനസ്സിലാക്കുന്നു. ദൈവാത്മാവിനു നാം കീഴ്പെട്ട് നമ്മുടെ ശരീരങ്ങൾ ആത്മാവിന്റെ മന്ദിരങ്ങളായിത്തീരുവാൻ നാം അനുവദിച്ചാൽ എണ്ണമറ്റ മനുഷ്യർ നാം മുഖാന്തരം നിത്യജീവൻ പ്രാപിക്കുമെന്നും, നമ്മുടെ അനുസരണക്കുറവ് അനേകർ പാപത്തിൽ മരിച്ച അവസ്ഥയിൽ തുടരാൻ ഇടവരുത്തുമെന്നും നാം ഓർക്കേണ്ടതാണ്.

**കിരീടം സൂക്ഷിക്കുക**

"ഞാൻ വേഗം വരുന്നു; നിന്റെ കിരീടം ആരും എടുപ്പാന്തക്കവണ്ണം നിനക്കുള്ളതു പിടിച്ചുകൊൾക" (വെളി.3:11) എന്നാണ് കർത്താവ് നമ്മോടു കല്പിച്ചിരിക്കുന്നത്. എങ്ങനെയാണ് നമ്മുടെ കിരീടം നഷ്ടപ്പെടുത്താതെ പിടിച്ചുകൊള്ളുവാൻ സാധിക്കുന്നതെന്നു വചനം നമുക്ക് വെളിപ്പെടുത്തിത്തന്നിട്ടുണ്ട്. യിസ്രായേലിന്റെ രാജസ്ഥാനത്തേക്കു ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ശൗലിന്റെ കുടുംബത്തിന്റെ അവകാശമായി രാജകിരീടം എന്നെന്നും ഇരിക്കുക സാദ്ധ്യമായിരുന്നു. അനുസരണക്കേടുമൂലം തനിക്കും തന്റെ കുടുംബത്തിനും ദൈവം നൽകിയ രാജകിരീടം ശൗൽ നഷ്ടമാക്കി (1 ശമുവേൽ 13:13-14).

ദൈവഹിതം മാനിക്കാതെ സ്വന്തബുദ്ധിയിലാശ്രയിച്ച് തനിക്കു നല്ല തെന്നു തോന്നിയതൊക്കെ പ്രവർത്തിക്കുകയും ദൈവകല്പന ലംഘിക്കുകയും ചെയ്തതിനാൽ ശൗൽ രാജസ്ഥാനത്തുനിന്നു മാറ്റപ്പെടുകയും അവന്റെ കുടുംബത്തിനു രാജകിരീടം നഷ്ടമാവുകയും ചെയ്തുവെന്നു ശമുവേലിന്റെ ഒന്നാം പുസ്തകത്തിൽ ദൈവാത്മാവ് രേഖപ്പെടുത്തിയിരിക്കുന്നു. ദാവീദിനെയും അവന്റെ കുടുംബത്തെയും രാജസ്ഥാനത്തേക്കു ദൈവം കൊണ്ടുവന്നത് ശൗലിന്റെ അനുസരണക്കേടു നിമിത്തമായിരുന്നു. ശൗൽ നഷ്ടപ്പെടുത്തിയ കിരീടമാണ് ദാവീദിനു ലഭിച്ചത്.

പഴയനിയമത്തിലെ ഈ സംഭവം നമ്മെ പഠിപ്പിക്കുന്നത്, അനുസരണക്കുറവുമൂലം ദൈവത്തിൽനിന്നു നമുക്കു ലഭിക്കേണ്ട അനുഗ്രഹങ്ങൾക്കും പ്രതിഫലത്തിനും ഉണ്ടാകുന്ന നഷ്ടം അതിഭീമമാണെന്നാണ്. നമുക്കു ദൈവം നൽകാനിരിക്കുന്ന കിരീടങ്ങൾ നഷ്ടപ്പെടുത്താതെ സൂക്ഷിക്കുന്നത് ദൈവമുമ്പാകെയുള്ള സമ്പൂർണ്ണമായ അനുസരണത്തിലൂടെയാണ്. അത് മനസ്സിലാക്കിക്കൊണ്ട് കർത്താവ് തന്റെ അപ്പൊസ്തലന്മാർ മുഖാന്തരം നമ്മോടു അരുളിച്ചെയ്തിരിക്കുന്ന എല്ലാ കാര്യങ്ങളും നമ്മുടെ ജീവിതത്തിൽ ഇപ്പോൾ നാം അനുഭവമാക്കണം. അങ്ങനെ യേശുവിന്റെ യഥാർത്ഥ ശിഷ്യത്വത്തിലേക്കു നാം വളരണം. ആ മഹാഭാഗ്യം നേടിയെടുക്കുവാൻ കർത്താവിലാശ്രയിച്ചുകൊണ്ട് നമുക്കു പ്രയത്നിക്കാം.

“അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ; നീതിമാൻ ഇനിയും നീതി ചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ. ഇതാ ഞാൻ വേഗം വരുന്നു; ഓരോരുത്തനു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്” (വെളിപാട് 22:11-12) **(തുടരും)**

## നമ്മുടെ വാട്സാപ് ഗ്രൂപ്പിൽ അംഗമാകൂ

REAL LIFE VOICE എന്ന പേരിൽ ഒരു WhatsApp Group ഉണ്ട്. എല്ലാ മാസവും മാസിക അതിൽ പോസ്റ്റ് ചെയ്യുന്നതായിരിക്കും. സ്വദേശത്തും വിദേശത്തുമുള്ള നിങ്ങളുടെ ബന്ധുക്കളെയും സ്നേഹിതരെയും ഈ ഗ്രൂപ്പിൽ ചേർക്കുമല്ലോ. തർക്കങ്ങളോ വാദങ്ങളോ ഒന്നും ഈ ഗ്രൂപ്പിൽ ഉണ്ടാകില്ല. മാസത്തിലൊരിക്കൽ മാസിക പോസ്റ്റ് ചെയ്യുന്നതിനു മാത്രം ഉള്ള ഗ്രൂപ്പാണിത്. (എഡിറ്റർ)

# 8 പുതിയനിയമത്തിലൂടെ യാത്രചെയ്യുമ്പോൾ...

## എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

*(പുതിയനിയമം വായിക്കുമ്പോൾ നാം കാണുന്ന മരങ്ങൾ, മലകൾ, മൃഗങ്ങൾ, പക്ഷികൾ എന്നിവയെക്കുറിച്ചുള്ള ഒരു ആസ്വാദനം)*

**ഒന്നാം ഭാഗം: മരങ്ങൾ**

**7. ജീവവൃക്ഷം** (വെളിപ്പാട് 2:7)

*"ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പരദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും"*

പുതിയനിയമത്തിൽ വെളിപ്പാടുപ്പുസ്തകത്തിൽ മാത്രമാണ് ജീവവൃക്ഷത്തെക്കുറിച്ച് നാം വായിക്കുന്നത്. നാലു തവണയാണ് പറഞ്ഞിട്ടുള്ളത്. (2:7; 22:2,14,19). എന്നാൽ ജീവവൃക്ഷത്തെക്കുറിച്ചുള്ള ആദ്യത്തെ പരാമർശം ഉല്പത്തി 2:9 ആണ്. അവിടെക്കാണുന്ന ജീവവൃക്ഷത്തെ നമുക്കൊന്നു എത്തിനോക്കാം.

**ഏദെനിലെ തോട്ടത്തിലെ ജീവവൃക്ഷം**

ഏദെനിലെ തോട്ടത്തിൽ ആദിമാതാപിതാക്കളായ ആദാമും ഹവ്വയും പാപം ചെയ്ത് ദൈവത്തോട് മറുതലിച്ചപ്പോൾ, ദൈവം അവരെ തോട്ടത്തിൽനിന്നു പുറത്താക്കിയതായി ഉല്പത്തി 3:23ൽ നാം വായിക്കുന്നു. എന്നാൽ അതിനു മുൻപ്, "ദൈവം... തോൽകൊണ്ട് ഉടുപ്പുണ്ടാക്കി അവരെ ഉടുപ്പിച്ചു" എന്നു നാം വായിക്കുന്നുണ്ട് (3:21). ഒരു മൃഗം യാഗമർപ്പിക്കപ്പെട്ടുവെന്നും അതിന്റെ തോലുകൊണ്ടാണ് അവരെ ഉടുപ്പിച്ചത് എന്നും ഇതിനെ വ്യാഖ്യാനിക്കാറുണ്ട്. സന്ദർഭോചിതമായ വ്യാഖ്യാനമാണത്. അപ്പോൾ അവരുടെ പാപത്തിനുവേണ്ടി ഒരു മൃഗം യാഗമായിത്തീർന്നതിനുശേഷമാണ്, ദൈവം അവരെ ഏദെനിലെ തോട്ടത്തിൽനിന്നും പുറത്താക്കുന്നത്! അതു കൂടാതെ, യാതൊരു കാരണവശാലും അവർ തോട്ടത്തിൽ കടക്കാതിരിക്കാൻ, കെരൂബുകളെ തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിർത്തുകയും ചെയ്തു (3:24).

എന്തിന്? ഒരു സാധുമൃഗത്തിന്റെ രക്തച്ചൊരിച്ചിൽ കഴിഞ്ഞിട്ടും ദൈവത്തിനു അവരോടു കനിവു കാണിക്കാൻ കഴിഞ്ഞില്ലെന്നോ! അവരെ പുറത്താക്കുകയും കെരൂബുകളെ കാവൽ നിർത്തുകയും ചെയ്തുകൊണ്ട്,

അവരോടുള്ള വെറുപ്പ് ദൈവം ഇത്ര കൂടിയ അളവിൽ പ്രദർശിപ്പിച്ചത് എന്തിന്?! ഓ...! അല്ല... അങ്ങനെയല്ല. ഏദെനിലെ തോട്ടത്തിൽനിന്നും അവരെ പുറത്താക്കിയത് അവരോട് ദൈവത്തിനുള്ള കരുണ നിമിത്തമാണ്. കെരൂബുകളെ കാവൽ നിർത്തിയത് വെറുപ്പുകൊണ്ടല്ല, അവരോടുള്ള സ്നേഹം കൊണ്ടാണ്. കോപവും വെറുപ്പും കാണിച്ച് മനുഷ്യനെ കൊന്നുമുടിക്കാനല്ലല്ലോ ദൈവം അവനെ സൃഷ്ടിച്ചത്.

തോട്ടത്തിൽനിന്നു പുറത്താക്കിയതിനും കെരൂബുകളെ കാവൽ നിർത്തിയതിനുമുള്ള കാരണം അവിടെത്തന്നെ എഴുതിയിട്ടുണ്ട്. ജീവവൃക്ഷത്തിന്റെ ഫലം പറിച്ചു തിന്നാതിരിക്കുവാൻ വേണ്ടിയാണ് ദൈവം അങ്ങനെ ചെയ്തത്. പാപം ചെയ്തുപോയ അവർ ജീവവൃക്ഷത്തിന്റെ ഫലം കൂടെ പറിച്ചുതിന്നാൽ, പാപി എന്ന അവസ്ഥയിൽ നിത്യകാലം ജീവിക്കേണ്ടിവരും; ദൈവത്തിന് തന്റെ ഏകജാതനായ പുത്രനെക്കൊണ്ടുള്ള വീണ്ടെടുപ്പ് അങ്ങനെ അസാധ്യമായും വരും. അതുകൊണ്ട്, മനുഷ്യനെ വീണ്ടെടുക്കാനുള്ള ദൈവത്തിന്റെ അദമ്യമായ ആഗ്രഹം നിമിത്തമാണ് ദൈവം അവരെ ഏദെനിലെ തോട്ടത്തിൽനിന്നും പുറത്താക്കിയത്

ഏദെനിലുണ്ടായിരുന്ന ജീവവൃക്ഷത്തിനും മറ്റു വൃക്ഷങ്ങൾക്കും പിന്നീട് എന്തു സംഭവിച്ചു? അന്വേഷണകുതുകികളുടെ മനസ്സിലുണ്ടായേക്കാവുന്ന ഈ ചോദ്യത്തിന്റെ ഉത്തരം നാം കാണുന്നത് യെഹെസ്കേലിന്റെ പുസ്തകത്തിലാണ്. "ഏദെനിലെ സകല വൃക്ഷങ്ങളും... ഭൂമിയുടെ അധോഭാഗത്ത് ആശ്വാസം പ്രാപിച്ചു" എന്നു യെഹെസ്കേൽ 31:16 ലും, "നീ എദെനിലെ വൃക്ഷങ്ങളോടുകൂടെ ഭൂമിയുടെ അധോഭാഗത്തു ഇറങ്ങിപ്പോകേണ്ടിവരും" എന്നു 31:18 ലും രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽനിന്നും, ഏദെനും അവിടെയുണ്ടായിരുന്ന വൃക്ഷങ്ങളും മണ്ണിനടിയിലായി എന്നു മനസ്സിലാക്കാവുന്നതേയുള്ളൂ. വല്ല ഭൂകമ്പത്താലോ, അതുമല്ലെങ്കിൽ നോഹയുടെ നാളിലെ ജലപ്രളയത്താലോ അവയെല്ലാം ഭൂമുഖത്തുനിന്നു നീക്കപ്പെട്ടു വെന്നു നമുക്കു കരുതാം.

## ദൈവത്തിന്റെ പരദീസയിലെ ജീവവൃക്ഷം

പുതിയനിയമത്തിൽ നാം ജീവവൃക്ഷത്തെ കാണുന്നത് വെളിപ്പാടുപ്പുസ്തകത്തിലാണെന്നു ആദ്യമേ വ്യക്തമാക്കിയതാണല്ലോ. ഉല്പത്തിപ്പുസ്തകത്തിൽ, ഏദെനിലെ ജീവവൃക്ഷത്തിന്റെ ഫലം മനുഷ്യൻ തിന്നുന്നത് കർശനമായി തടഞ്ഞ അതേ ദൈവം പറയുന്നത് നോക്കുക: "ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പരദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും" (വെളിപ്പാട് 2:7). ഒരു പക്ഷേ, ഇപ്പറഞ്ഞതിന്

ആലങ്കാരികാർത്ഥമാകാം. ജയിക്കുന്നവന് കൊടുക്കുന്ന പ്രത്യേക അനുഗ്രഹത്തെ ജീവവൃക്ഷത്തിന്റെ ഫലത്തോടു താരതമ്യം ചെയ്തതാകാം. ഏതായാലും ഏദെനിലെ തോട്ടത്തിൽ തോറ്റവന് നിഷേധിക്കപ്പെട്ട ജീവവൃക്ഷഫലം, ഇതാ ജയിക്കുന്നവന് ദൈവത്തിന്റെ പരദീസയിൽനിന്നു ലഭ്യമാകുന്നു! ബൈബിളിലെ ആദ്യപുസ്തകമായ ഉല്പത്തിയിൽ മനുഷ്യനു നിഷേധിക്കപ്പെട്ട ജീവവൃക്ഷഫലം, അവസാന പുസ്തകമായ വെളിപ്പാടിൽ മനുഷ്യനു വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു!

തങ്ങളുടെ വസ്ത്രം അലക്കുന്നവർക്കാണ് ജീവന്റെ വൃക്ഷത്തിൽ അധികാരം ഉണ്ടായിരിക്കുക എന്നു വെളിപ്പാട് 22:14 ൽ നാം വായിക്കുന്നു. സകലവിധ അശുദ്ധിയും പ്രവർത്തിക്കുന്ന ഏവനും പുറത്തായിരിക്കും (22:15). ദൈവമക്കൾ എന്ന ലേബലും പതിച്ച് നടക്കുന്ന അനേകരും, അവിശ്വാസികളേക്കാൾ അധഃപതിച്ചവരാണെന്നത് ഒരു നഗ്നസത്യം തന്നെയാണ്. ഇക്കൂട്ടർക്ക് വലിയ അനുഗ്രഹനഷ്ടങ്ങളാണ് സംഭവിക്കാൻ പോകുന്നത്. ആത്മികരംഗത്ത് മുൻനിരയിൽ നിൽക്കുകയും അതേ സമയം ജഡത്തിന്റെ പ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്ന സഭാവിശ്വാസികൾ ലജ്ജിക്കേണ്ടി വരും. ദൈവസ്നേഹത്തെ വാഴ്ത്തിപ്പാടുകയും അപ്പോൾ തന്നേ ലോകസ്നേഹം മനസ്സിൽ നിറച്ചു നടക്കുകയും ചെയ്യുന്നവരും നാണിച്ചു തല കുനിക്കേണ്ടിവരും.

**ജീവവൃക്ഷം നൽകുന്ന പാഠം**

തോൽക്കുന്നവനെയല്ല, ദൈവത്തിന്റെ കൃപയാൽ ജയിക്കുന്നവനെയാണ് ദൈവത്തിനു താത്പര്യം. പാപം ചെയ്യുന്നവന് നിഷേധിക്കുകയും ജയിക്കുന്നവന് വാഗ്ദാനം ചെയ്യുകയും ചെയ്തതാണ് ജീവവൃക്ഷത്തിന്റെ ഫലം. നാം പാപം ചെയ്യുമ്പോൾ നഷ്ടമാകുന്ന അനുഗ്രഹങ്ങൾ, ദൈവവചനത്തിലെ സത്യങ്ങൾ മനസ്സിലാക്കി ജയാളിയായി വരുമ്പോൾ നമുക്കു തിരികെ ലഭിക്കും. കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ കയ്യിലിരുപ്പിന്റെ ദോഷം മൂലം നഷ്ടപ്പെട്ട അനുഗ്രഹങ്ങളുടെ കൂമ്പാരങ്ങൾ നമുക്കു തിരിച്ചുപിടിക്കേണ്ടേ? മാനസാന്തരപ്പെടുക... ജയാളിയാവുക... കൈവിട്ടുപോയ അനുഗ്രഹങ്ങളെല്ലാം താനേ കൈക്കുമ്പിളിലേയ്ക്ക് ഒഴുകിയെത്തും.

വെളിപ്പാട് 22:19 ആണ് ജീവവൃക്ഷത്തെക്കുറിച്ചുള്ള ബൈബിളിലെ അവസാനവാക്യം. അതു ഉദ്ധരിച്ചുകൊണ്ട് ഈ ചിന്ത അവസാനിപ്പിക്കാം: “ഈ പ്രവചനപ്പുസ്തകത്തിലെ വചനത്തിൽനിന്നു ആരെങ്കിലും വല്ലതും നീക്കിക്കളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധനഗരത്തിലും അവനുള്ള അംശം ദൈവം നീക്കിക്കളയും.”

**(തുടരും)**

# പരിശുദ്ധാത്മാവ്

## 26

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

**ഒന്നാം നൂറ്റാണ്ടിലെ അന്യഭാഷയും ഇന്നത്തെ അന്യഭാഷയും തമ്മിലുള്ള വ്യത്യാസങ്ങൾ**

(1) ഒന്നാം നൂറ്റാണ്ടിൽ അന്യഭാഷ അപ്രതീക്ഷിതമായി ലഭിച്ചിരുന്നു; ഇന്നത്തെ അന്യഭാഷ കാത്തിരിപ്പിനുശേഷമാണ് ലഭിക്കുന്നത്

കാത്തിരിപ്പുയോഗം നടത്തി അന്യഭാഷ പ്രാപിക്കുന്ന പതിവ് ഒന്നാം നൂറ്റാണ്ടിൽ ഇല്ലായിരുന്നു. അപ്പൊ.പ്രവൃ.2:1-4 ൽ ശിഷ്യന്മാർ കാത്തിരുന്നത് പിതാവിന്റെ വാഗ്ദത്തത്തിനുവേണ്ടിയാണ് (1:4); അല്ലാതെ അന്യഭാഷയ്ക്ക് വേണ്ടിയായിരുന്നില്ല. അപ്പൊ.പ്രവൃ.10:44 ൽ കൊർന്നേല്യൊസിന്റെ വീട്ടിലുള്ളവർ കാത്തിരുന്നത് പത്രൊസിനുവേണ്ടിയായിരുന്നു. 19:6 ൽ പറയുന്നവർ ഒന്നിനും വേണ്ടി കാത്തിരുന്നിട്ടുമില്ല.

അന്യഭാഷ മുൻതയ്യാറെടുപ്പില്ലാതെയാണ് ആളുകൾക്ക് ലഭിച്ചിരുന്നത്. ഇന്നത്തെപ്പോലെ കാത്തിരിപ്പുയോഗങ്ങൾ അന്നില്ല. അപ്രകാരം കാത്തിരിപ്പുയോഗങ്ങൾ നടത്തി അന്യഭാഷ പ്രാപിക്കുവാൻ ബൈബിളിൽ നിർദ്ദേശവുമില്ല. ഇനി ഈ കാത്തിരിപ്പുയോഗങ്ങളിൽ സംഭവിക്കുന്നത് എന്താണ്? ''നിറുത്താതെ, സ്തോത്രം, സ്തോത്രം എന്നു പറയണം. അത്യുച്ചത്തിൽ പറയണം. അതിവേഗം പറയണം'' എന്നൊക്കെയുള്ള നിർദ്ദേശങ്ങൾ വിശ്വാസികൾക്ക് പറഞ്ഞുകൊടുക്കും. അതിവേഗം പറയുമ്പോൾ നാവു പിഴച്ച് ചില അപശബ്ദങ്ങൾ വരും. അതാണത്രേ അന്യഭാഷ!!!

ഇത്തരം തട്ടിപ്പുകൾ വിശ്വാസികൾ മനസ്സിലാക്കണം. ഈ കെണിയിൽ തല വച്ചുകൊടുത്തിട്ടുള്ളവർ അത് തിരുത്തണം. നാളിതുവരെ ''ഖഢതപ ചടപമ'' എന്നിപ്രകാരമുള്ള 'അന്യഭാഷ' പറഞ്ഞതിൽ മാനസാന്തരപ്പെട്ടു ദൈവത്തോടു മാപ്പു ചോദിക്കണം. സത്യസന്ധമായി ജീവിക്കണം. എല്ലാറ്റിനും ഒരിക്കൽ കണക്കു ബോധിപ്പിക്കേണ്ടതുണ്ട് എന്ന സത്യം എന്നും ഓർക്കുക.

(2) ഒന്നാം നൂറ്റാണ്ടിൽ അന്യഭാഷ ഏതെങ്കിലും ഒരു ഭാഷയായിരുന്നു; ഇന്നത്തെ അന്യഭാഷ അങ്ങനെയല്ല

അപ്പൊ.2:6,8,11 നോക്കുക. വിവിധ ഭാഷക്കാരോട് അവരവരുടെ സ്വന്തഭാഷയിലാണ് അന്യഭാഷാവരം ലഭിച്ചവർ സംസാരിച്ചത്. ഇന്ന് അന്യഭാഷ എന്ന

പേരിൽ എന്തൊക്കെയോ ചിലത് സംസാരിച്ചുകൂട്ടുന്നവരെ ശ്രദ്ധിച്ചാൽ, അവർ പറയുന്നതിന് ഒരു ഭാഷയുടെ സവിശേഷതകൾ ഒന്നുമില്ല എന്നു മനസ്സിലാക്കാം. ലോകത്തിലെ ഏതു ഭാഷയ്ക്കും വൈവിധ്യമാർന്ന നിരവധി വാക്കുകൾ ഉണ്ടായിരിക്കും. ഇന്നത്തെ അന്യഭാഷക്കാർക്ക് എന്നും ഒരേ പല്ലവി തന്നെ. അക്കൂട്ടത്തിൽ ചില മിടുക്കന്മാർ കുറെയധികം വൈവിധ്യമുള്ള വാക്കുകൾ പറയാൻ പരമാവധി ശ്രമിക്കുന്നത് കാണാറുണ്ട്. എന്തിനാണ് ഈ കോമാളിവേഷം കെട്ടുന്നത്?

മഹാകവി കെ.വി.സൈമൺ അന്യഭാഷക്കാരുടെ അടുക്കൽ പോയി കണ്ട അനുഭവം അദ്ദേഹം 1925 ൽ പ്രസിദ്ധീകരിച്ച 'മറുഭാഷാനികഷം' എന്ന തന്റെ പുസ്തകത്തിൽ താഴെപ്പറയും വിധം വിവരിച്ചിട്ടുണ്ട്.

> തോമ്മാ എന്നു പേരുള്ള ഒരു മറുഭാഷക്കാരൻ ഭാഷ ഉച്ചരിച്ചുകൊണ്ട് ഇരുന്നിടത്തുനിന്നു സുമാർ നാലു കോൽ ദൂരത്തോളം നിരങ്ങുന്നതും ഞാൻ കണ്ടു..... ഭാഷയുടെ മദ്ധ്യത്തിൽ മർക്കൊസ് 16:17-ാം വാക്യം മലയാള വ്യാഖ്യാനസഹിതം അദ്ദേഹം മറുഭാഷയിൽ ഘോഷിച്ചു. അതു അടുക്കിനു താഴെ ചേർക്കുന്നു.
>
> മറുഭാഷ : ക്രീത്ത ക്രീത്ത ക്രീ
> വ്യാഖ്യാനം : വിശ്വസിക്കുന്നവരെ ഈ അടയാളങ്ങൾ പിന്തുടരും
> മറുഭാഷ : ക്രീത്ത ക്രീത്ത ക്രീ
> വ്യാഖ്യാനം : അവർ പുതുഭാഷകളിൽ സംസാരിക്കും
> മറുഭാഷ : ക്രീത്ത ക്രീത്ത ക്രീ
> വ്യാഖ്യാനം : എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും
> മറുഭാഷ : ക്രീത്ത ക്രീത്ത ക്രീ
> വ്യാഖ്യാനം : അവർ രോഗികളുടെ മേൽ കൈവച്ചാൽ അവർക്കു സൗഖ്യം വരും
>
> ഇവയിൽ ഓരോ വാചകത്തിന്റെയും ഒടുവിലുള്ള ''ക്രീ'' എന്നു ശബ്ദിക്കുമ്പോൾ സഹോദരൻ തന്റെ ശക്തി മുഴുവൻ ചിലവഴിക്കുന്നതായി ഞങ്ങൾ കണ്ടു....
>
> മിക്കവാറും നിരർത്ഥകമായ അപശബ്ദങ്ങളല്ലാതെ അർത്ഥമുള്ള ശബ്ദങ്ങൾ ഇവരുടെ ഭാഷയിൽ ഇല്ലെന്നു ഈ പരിശോധനയിൽ എനിക്കു തെളിഞ്ഞു. ദൃഷ്ടാന്തമായി മർക്കൊസ് 16:17-ാം വാക്യത്തിനുള്ള മറുഭാഷാശബ്ദങ്ങൾ നോക്കുക. എല്ലാ വചനങ്ങൾക്കും ''ക്രീത്ത ക്രീത്ത ക്രീ'' എന്ന ഒരേ ശബ്ദം തന്നെ വച്ചിരിക്കുന്നു. കൂടാതെ ''അമേരിക്കയിൽ നിന്ന് ഒരു സായ്പ് ഇങ്ങോട്ടു വരുവാൻ കപ്പൽ കയറീട്ടുണ്ട്'' എന്നു സഹോദരൻ ഒരു പ്രവചനം പറഞ്ഞതിനും ഉപയോഗിച്ച വാക്ക് ''ക്രീത്ത ക്രീത്ത ക്രീ'' എന്നു തന്നെ

യായിരുന്നു. ദേശപ്പേർ പോലും ഭാഷയിൽ പ്രത്യേകിച്ചു കേൾക്കാതെ അമേരിക്കയും ''ക്രീത്ത''യിൽ അടങ്ങിപ്പോയത് നിമിത്തം ഞാൻ വളരെ കുഴങ്ങി.

വൈക്കത്തുകാരൻ തോമസ് എന്ന പേരോടുകൂടിയ പെന്തെക്കോസ്തുസഭയിലെ ഒരു ഉപദേഷ്ടാവ് 100-12-3 തീയതി വച്ച് റാന്നി ബ്രദറൻ സഭയ്ക്ക് എഴുതിക്കൊടുത്ത അനുതാപപത്രത്തിൽ അദ്ദേഹം കേട്ട ഒരു മറുഭാഷയും വ്യാഖ്യാനവും ചേർത്തു കാണുന്നു.

മറുഭാഷ : ലിംബറില കൈടസി

വ്യാഖ്യാനം : ഞാൻ പിടിച്ച മുയലിന് കാലു നാലുണ്ടെന്ന് ആരും ശഠിക്കരുതേ

മുയലിനു കാലു നാലുണ്ടെന്നു പറയുന്നത് ശാഠ്യമാണെന്നു പെന്തെക്കോസ്തുകാരുടെ മേൽ ആവസിക്കുന്ന ആത്മാവല്ലാതെ സാക്ഷാൽ പരിശുദ്ധാത്മാവ് ഒരിക്കലും പറയുകയില്ലെന്നു തീർച്ചയാണ്. കൂടാതെ, ഈ ഭാഷയിൽ മുയൽ എന്നർത്ഥം വരുന്നത് ഏത് പദത്തിനാണെന്നു പെന്തിക്കോസ്തരിൽ ആരെങ്കിലും പറഞ്ഞു കേൾപ്പാൻ ആഗ്രഹിക്കുന്നു.

ഇപ്പറഞ്ഞതെല്ലാം മഹാകവി കെ.വി.സൈമന്റെ അനുഭവമാണ്. ആരുടെയും അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഉപദേശവും തെളിയിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. പക്ഷേ മുകളിൽ പറഞ്ഞിരിക്കുന്ന നാടകങ്ങളും വേഷംകെട്ടലുകളും ഇന്നും നടക്കുന്നുണ്ടെന്നത് ഒരു യാഥാർത്ഥ്യമാണ്. മിമിക്രിക്കാരും സിനിമാക്കാരും കോമഡിക്കാരും യാതൊരു ദയയും കാട്ടാതെ ഇത്തരം അന്യഭാഷയെ കടിച്ചുകുടയുകയാണ്. രാജാവിനു തുണിയില്ലെന്നു ഒരു കുട്ടി വിളിച്ചുപറഞ്ഞപ്പോഴെങ്കിലും അദ്ദേഹം അത് തിരുത്താൻ തയ്യാറായ കഥ കേട്ടിട്ടില്ലേ? തിരുത്തൂ സഹോദരങ്ങളേ. ഈ കോമാളിവേഷം കെട്ടലിലൂടെ നിങ്ങൾക്ക് ദൈവസന്നിധിയിൽ എന്തു പ്രയോജനം? **(തുടരും)**


**വിശ്വാസവും സ്നാനവും**

**ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?**

Revised Second Edition

**എം. വി. സെബാസ്റ്റ്യൻ**

**104 പേജുകളുള്ള പുസ്തകം**

**ആവശ്യപ്പെടുന്നവർക്ക് സൗജന്യമായി അയച്ചുകൊടുക്കുന്നു**

# യോവേൽ (പുസ്തകപഠനം)

15

## എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

**യോവേൽ 2:23**

**"സീയോൻമക്കളേ, ഘോഷിച്ചുല്ലസിച്ചു നിങ്ങളുടെ ദൈവമായ യഹോവയിൽ സന്തോഷിപ്പിൻ! അവൻ തക്ക അളവായി നിങ്ങൾക്കു മുൻമഴ തരുന്നു; അവൻ മുമ്പേപ്പോലെ നിങ്ങൾക്കു മുൻമഴയും പിൻമഴയുമായ വർഷം പെയ്യിച്ചുതരുന്നു"**

ഒരു വിശ്വാസിക്ക് എന്നും ദൈവത്തിൽ സന്തോഷിക്കാൻ കഴിയണം. നാം കർത്താവിൽ സന്തോഷിക്കണം എന്നു ഫിലിപ്പ്യലേഖനത്തിൽ പൗലൊസ് ആവർത്തിച്ചു വ്യക്തമാക്കുന്നുണ്ട് (2:17,18; 3:1; 4:4). ഇപ്രകാരം സന്തോഷിക്കാൻ പൗലൊസ് ആഹ്വാനം ചെയ്തത് കാരാഗൃഹത്തിൽ ഇരുന്നുകൊണ്ടാണെന്ന കാര്യം നാം പ്രത്യേകം ശ്രദ്ധിക്കണം.

ദൈവമക്കൾ വിഷാദരോഗികളെപ്പോലെ കാണപ്പെടേണ്ടവരല്ല. സന്തോഷമുള്ളവരായിരിക്കണം. കയ്യിൽ പണമില്ലായിരിക്കാം; ആരോഗ്യം നഷ്ടപ്പെട്ട അവസ്ഥയിലായിരിക്കാം; അർഹമായ അംഗീകാരം ലഭിക്കുന്നില്ലായിരിക്കാം. ഇത് ഒന്നും ഓർത്ത് ദുഃഖിക്കാതെ കർത്താവിൽ സന്തോഷിക്കാൻ നമുക്കു കഴിയണം. നാം അതിനു പരിശീലിക്കണം. അത് പ്രാവർത്തികമാക്കാൻ വേണ്ട കൃപയ്ക്കായി യാചിക്കണം.

തങ്ങളുടെ ചിന്തകളിൽ പലതിനും നാം പരിശീലനം നടത്താറുണ്ട്. ഭയപ്പെടുവാൻ പരിശീലിക്കുന്നവരുണ്ട്. ഞാൻ ഒറ്റയ്ക്ക് ഇരിക്കുന്നു... പെട്ടെന്ന് ഒരു മൂർഖൻപാമ്പ് അങ്ങോട്ടേക്ക് പാഞ്ഞു വരുന്നു... അല്ലെങ്കിൽ കള്ളൻ വരുന്നു... ഇങ്ങനെയൊക്കെ ഇല്ലാത്ത കാര്യങ്ങൾ ചിന്തിച്ച് സ്വയം ഭയപ്പെടുന്നവരുണ്ട്.

ദുഃഖിക്കാൻ പരിശീലനം നടത്തുന്നവരുണ്ട്. വേണ്ടപ്പെട്ട ഒരാൾ മരിക്കുന്നതായും അപ്പോൾ ഉറക്കെ കരയുന്നതായും പലരും വന്ന് പിടിച്ചു മാറ്റുന്നതായും ഇവർ ചിന്തിച്ചുകൂട്ടുന്നു. എണ്ണിപ്പെറുക്കി നിലവിളിക്കേണ്ട വാചകങ്ങൾ വരെ ഇക്കൂട്ടർ കിനാവിൽ നെയ്തെടുക്കും!

ദേഷ്യപ്പെടാൻ മനസ്സിൽ പരിശീലനം നടത്തുവരാണ് മറ്റൊരു കൂട്ടർ. ആരോടെങ്കിലും ദേഷ്യപ്പെടുന്നതായും ആ ദേഷ്യത്തിനു മുന്നിൽ മറ്റുള്ളവർ മുട്ടുവിറച്ചു നിൽക്കുന്നതായും ഇക്കൂട്ടർ സ്വപ്നം കാണുന്നു. ഇനിയും ചിലർ ആത്മഹത്യയുടെ കാര്യം ചിന്തിച്ച് മനസ്സിനെ പരിശീലിപ്പിക്കാറുണ്ട്. തൂങ്ങണോ, ട്രെയിനിന്റെ മുമ്പിൽ ചാടണോ, ഡാമിൽ ചാടണോ, വിഷം കഴിക്കണോ... ഇങ്ങനെ ചിന്തിച്ചു ചിന്തിച്ചു മനസ്സിനെ പരിശീലിപ്പിക്കുന്നവർ!

ഈ വക പരിശീലനമെല്ലാം നിറുത്തുക. ഈ വക ചിന്തകളും കിനാവുകളും അപകടകരമാണ്. പകരം ദൈവത്തിൽ സന്തോഷിക്കുന്നതിനു പരിശീലനം നടത്തുക. എന്തു വന്നാലും ഞാൻ ഈ ദൈവത്തിൽ സന്തോഷിക്കും എന്നു ഉറച്ചു ചിന്തിക്കുക. 'മിന്നലേറ്റു മരിച്ചു' എന്ന വാർത്ത നാം കേൾക്കുമ്പോൾ, നമുക്കു മിന്നലേൽക്കുന്നതും നമ്മെ ആളുകൾ എടുത്തുകൊണ്ട് ഓടുന്നതും ഐസിയുവിൽ ആറു മാസം കിടക്കുന്നതും സ്വപ്നം കാണാതെ, എനിക്കു ഇതുവരെ മിന്നലേറ്റില്ലല്ലോ, എന്നെ ദൈവം സംരക്ഷിച്ചുവല്ലോ എന്നൊക്കെ ചിന്തിക്കുക. അങ്ങനെ ദൈവത്തിൽ സന്തോഷിക്കുക.

### ആശേർഗോത്രത്തിൽ ഫനൂവേലിന്റെ മകളായ<br>ഹന്നാ എന്ന പ്രവാചകി

ഒന്നും ഇല്ലാതിരുന്നിട്ടും എല്ലാം ഉള്ളവളെപ്പോലെ യഹോവയിൽ സന്തോഷിച്ച ഒരു വ്യക്തിയാണ് ഫനൂവേലിന്റെ മകളായ ഹന്ന (ലൂക്കൊസ് 2:36,37). ഏഴുകൊല്ലം മാത്രം നീണ്ട ദാമ്പത്യം. 84 വർഷത്തെ വൈധവ്യം. നൂറുവയസ്സിലധികം പ്രായമുള്ള വൃദ്ധ. ഇതാണ് അവളുടെ അവസ്ഥ! പക്ഷേ അവൾ ദൈവത്തിൽ സന്തോഷിക്കുന്നവളായിരുന്നു. അവൾ "ദൈവാലയം വിട്ടുപിരിയാതെ ഉപവാസത്തോടും പ്രാർത്ഥനയോടുംകൂടെ രാവും പകലും ആരാധന ചെയ്തുപോന്നു" (2:37).

എന്തു ലഭിച്ചിട്ടാണ് ഹന്ന ദൈവത്തെ ഇത്രമാത്രം സ്നേഹിച്ചത്? ചെറുപ്രായത്തിൽ ഭർത്താവ് നഷ്ടപ്പെട്ടിട്ടും, ആരും സഹായത്തിനില്ലാതിരുന്നിട്ടും, സമ്പത്ത് ആരോഗ്യം എന്നിവ ഇല്ലാതിരുന്നിട്ടും ഈ വൃദ്ധയ്ക്ക് ദൈവത്തിൽ സന്തോഷിക്കാൻ എങ്ങനെ കഴിഞ്ഞു?! അവൾക്ക് പലതും ഓർത്ത് സന്തോഷിക്കാനുണ്ടായിരുന്നു!

**(1) ആശേർഗോത്രം:** "ആശേരോ, അവന്റെ ആഹാരം പുഷ്ടിയുള്ളത്; അവൻ രാജകീയസ്വാദുഭോജനം നൽകും" (ഉല്പത്തി 49:20). "ആശേർ പുത്രസമ്പത്തുകൊണ്ട് അനുഗ്രഹിക്കപ്പെട്ടവൻ. അവൻ സഹോദര

ന്മാർക്കു ഇഷ്ടനായിരിക്കട്ടെ. അവൻ കാൽ എണ്ണയിൽ മുക്കട്ടെ" (ആവർത്തനം 33:24). ആഹാരം, പുത്രസമ്പത്ത്, സഹോദരസ്നേഹം, സമൃദ്ധി ഇതെല്ലാം ഉള്ള ഗോത്രത്തിൽ ജനിച്ചതിൽ അവൾ ദൈവത്തിൽ സന്തോഷിച്ചിരിക്കാം. (ഇതൊന്നും ഇപ്പോൾ അവൾ സ്വന്തമായി അനുഭവിക്കുന്നില്ലെങ്കിൽ പോലും!)

**(2) ഫനൂവേൽ:** യഹോവാഭക്തിയുള്ള ഒരു അപ്പനെ അവൾക്കു ലഭിച്ചു. ആ പിതാവ് അവളെ ഭക്തയായി വളർത്തി. ആ പിതാവ് ഉത്തരവാദിത്തമുള്ള വനായിരുന്നു. തക്ക സമയത്ത് അവളുടെ വിവാഹം നടത്തി.

**(3) പ്രവാചകി:** ദൈവത്തിന്റെ അരുളപ്പാടുകൾ പ്രസ്താവിക്കുവാൻ ദൈവം അവളെ തിരഞ്ഞെടുത്തു.

ഇതെല്ലാം ഓർത്ത് അവൾ ദൈവസന്നിധിയിൽ സന്തോഷിച്ചിരിക്കാം. തന്റെ ഭർത്താവ് അകാലത്തിൽ മരിച്ചതോ താൻ അനാഥയായതോ ഒന്നും ഓർത്ത് അവൾ ദുഃഖിക്കുകയല്ല, ദൈവം കൊടുത്ത അനുഗ്രഹങ്ങൾ ഓർത്ത് അവൾ സന്തോഷിക്കുകയാണ്. ഇതുപോലെ ഓരോ വിശ്വാസിക്കും കഴിയണം.

"അവൻ മുമ്പേപ്പോലെ നിങ്ങൾക്കു മുൻമഴയും പിൻമഴയുമായ വർഷം പെയ്യിച്ചുതരുന്നു" എന്നാണ് യോവേൽപ്രവാചകൻ ഇവിടെ പറയുന്നത്. നാളി തുവരെ തന്ന മഴയുടെ കാര്യം ഓർത്ത് ദൈവത്തിൽ സന്തോഷിക്കുന്ന ദൈവ മക്കൾ ഇക്കാലത്ത് എത്ര പേരുണ്ട്? പ്രിയദൈവജനമേ, സന്തോഷിക്കാനാ ണെങ്കിൽ ഇഷ്ടംപോലെ കാര്യങ്ങളുണ്ട്. ദൈവം തന്നിട്ടുള്ള അനുഗ്രഹങ്ങൾ ഓർത്ത് സന്തോഷിക്കാൻ ഓരോ ദൈവപൈതലിനും കഴിയുമാറാകട്ടെ.

**(തുടരും)**

## നന്ദി.... നന്ദി..

**ഈ കൊറോണക്കാലത്ത് പലരും മനസ്സറിഞ്ഞ് പലരെയും സഹാ യിച്ചതായി മനസ്സിലാക്കാൻ കഴിഞ്ഞു. വിദ്യാഭ്യാസമേഖലയിൽ പ്രൈവ റ്റായി ജോലി ചെയ്യുന്ന എന്നെ സംബന്ധിച്ചിടത്തോളം ഈ കൊറോ ണക്കാലത്ത് വരുമാനം നിലച്ചുപോയി. എന്നാൽ എന്നെയും പലരും ഓർക്കുകയും, ഞാൻ ആവശ്യപ്പെടാതെ തന്നെ കൂട്ടായ്മയുടെ വലം കരം നീട്ടുകയും ചെയ്തു. അതുകൊണ്ട് മാസിക കൃത്യമായി പ്രസി ദ്ധീകരിക്കാനും ഞാനും കുടുംബവും പട്ടിണി കൂടാതെ കഴിയാനും ഇതുവരെ ഇടയായി. ആരുടെയും പേരെടുത്ത് പറഞ്ഞ് അവരുടെ സ്വർഗ്ഗീയ പ്രതിഫലം ഞാൻ കുറയ്ക്കുന്നില്ല. എല്ലാവർക്കും നന്ദി. ഏവർക്കും ദൈവം ധാരാളമായി പകരം ചെയ്യുമാറാകട്ടെ.**

(എഡിറ്റർ)

# ഇമ്മാനുവിന്റെ സംശയങ്ങൾ 31

## എം.വി.എസ്

# ഇമ്മാനു എന്ന കാമുകൻ!

*ഇമ്മാനു ഉൾപ്പെടെയുള്ള എല്ലാ കഥാപാത്രങ്ങളും സാങ്കല്പികമാണ്*

ഇമ്മാനു പഠിക്കുന്ന എൽപി സ്കൂളിലെ സുമതിടീച്ചർ അവിടെയുള്ള കുട്ടികളുടെ ഇടയിലെ പ്രേമത്തെപ്പറ്റി ഇടക്കിടെ പറയാറുണ്ട്.

എനിക്കു വിശ്വസിക്കാൻ പ്രയാസമായിരുന്നു. ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലെ കുട്ടികളുടെ ഇടയിൽ പ്രേമമോ?!

ടീച്ചറുടെ മനസ്സിലെ കുഷ്ഠം കാരണം ടീച്ചർക്ക് അങ്ങനെയൊക്കെ തോന്നുന്നതാണ് എന്നു ഞാൻ ഒരിക്കൽ ടീച്ചറോട് തമാശരൂപേണ പറഞ്ഞിരുന്നു.

കഴിഞ്ഞ പിടിഎ മീറ്റിംഗിൽ ഹെഡ്മിസ്ട്രസ്സും ഇക്കാര്യം പറഞ്ഞു.

''കുഞ്ഞുകുട്ടികളാണെന്നു നിങ്ങൾ കരുതും. പക്ഷേ സിനിമകൾ കണ്ടും മൊബൈലിന്റെ അമിതമായ ഉപയോഗം നിമിത്തവും കുട്ടികളുടെ മനസ്സിൽ വിഷം നിറയുന്നുണ്ട്. അതുകൊണ്ട് മാതാപിതാക്കൾ കുട്ടികളെ സൂക്ഷിക്കുക, ശ്രദ്ധിക്കുക...''

ഹെഡ്മിസ്ട്രസ് ഇങ്ങനെ പറഞ്ഞപ്പോൾ എന്റെ അടുത്തിരുന്ന മറ്റൊരു രക്ഷിതാവ് എന്നോട് പതിയെ ഇങ്ങനെ പറഞ്ഞു: "ഇവളുടെ മനസ്സിലാണ് വിഷം.. അല്ല പിന്നെ...''

ഞാൻ ചിരിച്ചു.

ഹെഡ്മിസ്ട്രസ്സ് തുടർന്നു: "ഞങ്ങൾ ഇടയ്ക്കെല്ലാം കുട്ടികളുടെ പക്കൽനിന്നും പ്രേമലേഖനം കണ്ടെടുക്കാറുണ്ട്.''

ഇത്തവണ എല്ലാ രക്ഷിതാക്കളും ചിരിച്ചു.

''ഞാൻ തമാശ പറഞ്ഞതല്ല, വാസ്തവമാണ്. ഞങ്ങൾ ആ കുട്ടികളെ ഉപദേശിച്ച് ആ വിഷയം അവസാനിപ്പിക്കുന്നുവെന്നു മാത്രം. പക്ഷേ ഇത് കൂടിക്കൂടി വരികയാണ്. അതുകൊണ്ട് എല്ലാ രക്ഷിതാക്കളും മക്കളെ ഉപദേശിക്കണം.''

"ഇവള്മാർക്കൊക്കെ വട്ടാണ്..'' എന്റെ അടുത്തിരുന്ന രക്ഷിതാവ് എന്റെ ചെവിയിൽ പതിയെ പറഞ്ഞു.

ഞാൻ അപ്പോഴും ചിരിച്ചു.

വീട്ടിൽ ചെന്നപ്പോൾ എന്റെ ഭാര്യ പറഞ്ഞു: "നമ്മുടെ ഇമ്മാനൂനെ ഒന്നു ഗുണദോഷിക്കണം. വല്ല പെമ്പിള്ളേർക്കും ലൗലെറ്റർ കൊടുത്ത് ടീച്ചർമാരെങ്ങാനും പിടിച്ചാൽ മോശമാണ്... മാനം പോവും. അവൻ നാലാം ക്ലാസ്സിലാണെന്നു പറഞ്ഞിട്ടു

കാര്യമില്ല. ടിവിയിൽ പാട്ടുരംഗം വരുമ്പോൾ അതു കാണാൻ അവന് വല്ലാത്ത ആവേശമൊക്കെയുണ്ട്."

എന്നാൽ ശരി ഗുണദോഷിച്ചുകളയാം.

"ഡാ, ഇമ്മാനു, ഇവിടെ വാ"

"എന്താ പപ്പാ?" കയ്യിൽ ഒരു പാഠപുസ്തകവുമായി അവൻ...

"ഓ നീ പഠിക്കായിരുന്നോ?"

"ങും" അവൻ അഭിമാനത്തോടെയാണ് മൂളിയതെങ്കിലും അവന്റെ മുഖത്തൊരു കള്ളലക്ഷണം ഉണ്ടായിരുന്നു.

"നിനയ്ക്ക് ആരോടെങ്കിലും..." എനിക്ക് പൂർത്തീകരിക്കാൻ കഴിയുന്നില്ല. ഒരു ചമ്മൽ!

"എനിക്ക് ആരോടെങ്കിലും..." ഇമ്മാനുവിന് ബാക്കി അറിയാൻ ആകാംക്ഷ.

"നിന്റെ സ്കൂളിൽ ഏതെങ്കിലും പിള്ളേർക്ക് പ്രേമം ഉണ്ടോ?"

"പിന്നല്ലാതെ... ഒരു പാട് പേർക്കുണ്ടല്ലോ..."

ഇതു കേട്ടപ്പോൾ എന്റെ നെഞ്ചിൻകൂടിനകത്ത് ഒരു പന്നിപ്പടക്കം പൊട്ടിയതുപോലെ എനിക്കു തോന്നി.

"നിനക്ക് അങ്ങനെ വല്ലതും ഉണ്ടോ?"

ഇമ്മാനുവിന്റെ കവിളിൽ പതിവില്ലാതെ നുണക്കുഴികൾ തെളിഞ്ഞു. മുഖത്ത് നാണം. താഴേക്ക് നോക്കി അവൻ കാലിന്റെ തന്തവിരൽകൊണ്ട് 'റ' വരച്ചു

ഞാൻ എന്റെ ഭാര്യയെ നോക്കി. കൈവിട്ടുപോയി എന്ന മട്ടിൽ അവളും നിന്നു.

"പ്രേമിച്ചാൽ എന്താ കൊഴപ്പം? ആദാംഅപ്പച്ചൻ ജനിച്ച് അധികം വൈകാതെ കല്യാണം കഴിച്ചില്ലേ? എനിക്കും അങ്ങനെ വേണം..."

ഇമ്മാനു ഇത്രയും പറഞ്ഞപ്പോഴേക്കും ഞാൻ അവന്റെ നടുംപുറത്ത് നോക്കി ഒന്നു പൊട്ടിച്ചിരുന്നു. കരഞ്ഞ് കാറിക്കൂവി അവൻ അകത്തേക്കോടി.

എന്റെ ഭാര്യ ഫോണെടുത്ത് മൂപ്പനെ വിളിച്ചു. മൂപ്പനോട് കാര്യങ്ങൾ പറയുമ്പോൾ അവൾ ഏങ്ങലടിച്ചു കരയുന്നുണ്ടായിരുന്നു.

അധികം വൈകാതെ മൂപ്പൻ വന്നു. ഇമ്മാനുവിനെ വിളിച്ചു. വീർത്തുകെട്ടിയ മുഖത്തോടെ അവൻ വന്നു നിന്നു.

കണ്ട്രോൾ നഷ്ടപ്പെട്ട ഞാൻ മൂപ്പനോട് പറഞ്ഞു: "മൂപ്പാ, ഈ ബൈബിൾപണ്ഡിതൻ പറയുന്നത് കേട്ടില്ലേ? ആദാം ജനിച്ച് അധികം വൈകാതെ കല്യാണം കഴിച്ചുവെന്ന്! ഇവൻ ജനിച്ചിട്ട് എട്ടു കൊല്ലമായത്രേ. ഇവനു പ്രേമിക്കണം... കല്യാണം കഴിക്കണം..."

മൂപ്പൻ എന്നെ പൂർത്തീകരിക്കാൻ അനുവദിച്ചില്ല.

"ഇമ്മാനു.." മൂപ്പൻ അവനെ വിളിച്ചു.

നത്ത് ശബ്ദമുണ്ടാക്കുന്നതുപോലെ അവൻ 'കും' എന്നു വിളി കേട്ടു.

"ആദാം ഇമ്മാനുവിനെപ്പോലെ കൊച്ചുകുട്ടിയായിട്ടല്ല ജനിച്ചത്. പൂർണ്ണവളർച്ചയുള്ള ഒരാളായിട്ടാണ് ജനിച്ചത്. അതുകൊണ്ട് ഇമ്മാനു ആദാമിനെ അനുകരിക്കേണ്ട."

അവൻ തല കുമ്പിട്ട് നിൽക്കുകയാണ്.

മൂപ്പൻ ഗൗരവത്തോടെ തുടർന്നു: "യെഹെസ്കേൽ 16:8 ൽ 'നിനക്ക് പ്രേമത്തിന്റെ സമയമായി എന്നു കണ്ടു' എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ പ്രേമത്തിന് ഒരു സമയമുണ്ട്. കേട്ടോ?"

അവൻ 'കൂം' എന്നു വീണ്ടും മൂളി.

മൂപ്പൻ തുടർന്നു: "ഇമ്മാനുവിന് പ്രേമത്തിനുള്ള സമയമായിട്ടില്ല. ഇപ്പോൾ പഠിക്കേണ്ട സമയമാണ്. മാതാപിതാക്കളെ അനുസരിച്ച് നല്ല കുട്ടിയായി കഴിയണം."

അവൻ തലയാട്ടി.

"തലയാട്ടാതെ വാ തൊറന്ന് ആ എന്നു പറയെടാ.." ഞാൻ അലറി.

അവൻ ഒന്നും മിണ്ടിയില്ല.

"ആദ്യം ഇമ്മാനു വളരട്ടെ... ഇപ്പോൾ പഠിക്കുക. കുറെ കഴിയുമ്പോൾ ഒരു ജോലി കിട്ടണം. ഇതൊക്കെ കഴിഞ്ഞിട്ടേ മറ്റു കാര്യങ്ങൾ ചിന്തിക്കേണ്ടതുള്ളൂ. ഇതിനൊക്കെ കുറെ വർഷങ്ങളെടുക്കും. ഇരിക്കുന്നതിനുമുമ്പ് കാല് നീട്ടരുത്"

മൂപ്പൻ പറഞ്ഞു നിർത്തിയതും എന്റെ വക:

"കേട്ടോടാ... പ്രേമിക്കാൻ നടക്കുന്നു... മൊട്ടേൽനിന്ന് വിരിഞ്ഞിട്ടില്ല. അപ്പോഴെക്കും ഒരു കാതൽമന്നൻ വന്നിരിക്കുന്നു."

"പോട്ടെ ബ്രദറേ, ഇതൊക്കെ കുട്ടികളുടെ ചാഞ്ചല്യമാണ്.. നമ്മൾ പറയുമ്പോൾ ഇമ്മാനുവിനെപ്പോലുള്ള നല്ല കുട്ടികൾക്ക് മനസ്സിലാകും."

ആ സോപ്പ്പത ഇമ്മാനുവിന് ഏറ്റില്ല.

"അന്ത്രോസങ്കളിന്റെ മോനും ഫ്ളവറാന്റിയുടെ മോളും തമ്മിൽ പ്രേമമാണല്ലോ... എന്നിട്ട് മൂപ്പനങ്കിൾ എന്താ അവരെ ഉപദേശിക്കാത്തത്?" ഇമ്മാനുവിന്റെ കടന്നാക്രമണം.

"നീ നിന്റെ കാര്യം നോക്കിയാൽ മതി" എന്നു പറഞ്ഞ് ഞാൻ അവനെ രൂക്ഷമായി നോക്കി.

"അവരെ രണ്ടുപേരെയും ഗുണദോഷിച്ച് ഞാൻ മടുത്തതാണ്. അവരുടെ മാതാപിതാക്കൾക്ക് അവരെ വലിയ വിശ്വാസമാണ്. എന്റെ മക്കൾ തെറ്റിപ്പോകയില്ല എന്നു വലിയ ആത്മവിശ്വാസം അവർക്കുണ്ട്. ഇത്തരം മാതാപിതാക്കളുടെ മക്കളെ നേരെയാക്കാൻ ബുദ്ധിമുട്ടാണ്."

മൂപ്പൻ പിന്നെയും തുടർന്നു: "എന്നാൽ ഇമ്മാനുവിനെ ഞാൻ അങ്ങനെയല്ല കാണുന്നത്. നല്ലൊരു പയ്യൻ... പറഞ്ഞാൽ കേൾക്കുന്നവൻ... തെറ്റു ചൂണ്ടിക്കാണിച്ചാൽ തിരുത്തുന്നവൻ... മിടുക്കൻ.."

ഇത്തവണ സോപ്പ്പത ഏറ്റു.

"ഞാൻ ഇനി കുഴപ്പമൊന്നും ഉണ്ടാക്കില്ല. നല്ല കുട്ടിയായിക്കോളാം" ഇമ്മാനു ഇങ്ങനെ പറഞ്ഞപ്പോൾ എല്ലാവർക്കും ആശ്വാസം!

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th July 2020

Posted at
Thrissur RMS

**ആനുകാലികം**

# അകന്നുപോകുന്ന വായനാശീലം

"ഓൺലൈനും നവമാധ്യമങ്ങളും വിദ്യാർത്ഥികളെ പുസ്തകവായനയിൽനിന്ന് അകറ്റുമെന്ന് തേറമ്പിൽ രാമകൃഷ്ണൻ" (മലയാളമനോരമ, 2020 ജൂൺ 21).

കോവിഡ്-19 ന്റെ പശ്ചാത്തലത്തിലാണ് വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസ്സുകൾ തുടങ്ങിയത്. പഠനം മുടങ്ങാതെ ഏതു വിധേനയും നോക്കുക എന്ന നല്ല ഉദ്ദേശ്യമാണ് അതിന്റെ പിന്നിലുള്ളത്. നമ്മുടെ കുട്ടികൾ അതു നന്നായി പ്രയോജനപ്പെടുത്തിയാൽ അവർക്കും ഈ നാടിനും നന്ന്.

എന്നാൽ ആധുനിക തലമുറ വായനയുടെ ലോകത്തുനിന്നും അകന്നുപൊയ്ക്കൊണ്ടിരിക്കുന്ന നിരാശപ്പെടുത്തുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. വാട്സാപ്, ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയവയിൽ സജീവമാണ് ഇന്നത്തെ ബാല്യവും കൗമാരവും യുവത്വവുമെല്ലാം. അവർക്കു വീണു കിട്ടിയ സുവർണ്ണാവസരമായി ഓൺലൈൻ ക്ലാസ്സുകൾ. മുഴുവൻ സമയവും മൊബൈൽ ഉപയോഗിക്കാനുള്ള സാധ്യത അങ്ങനെ അവർക്കു മുമ്പിൽ തെളിഞ്ഞു.

വിദ്യാർത്ഥികൾ ദയവായി ഓൺലൈൻ ക്ലാസ്സുകൾ പ്രയോജനപ്പെടുത്തണം. അതോടൊപ്പം വായനയുടെ ലോകത്തേക്ക് ഉത്സാഹത്തോടെ കടന്നുവരണം. നല്ല ഗ്രന്ഥങ്ങൾ വായിക്കുന്നതിലൂടെ ലഭിക്കുന്ന സ്വഭാവരൂപീകരണം നവമാധ്യമങ്ങളിൽനിന്നും ലഭിക്കുകയില്ല. വായിച്ചു, വായിച്ചു വളരണം.

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V